(ഇ) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പൈപ്പ് ലൈൻ നീട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

കേരള ഭൂജല വകുപ്പിലെ സി.എൽ.ആർ. ജീവനക്കാർ

59 [2528] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭൂജല വകുപ്പിലെ സി.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് തീരുമാനം ആയിട്ടുണ്ടോ;

(ഡി) എങ്കിൽ തീരുമാനം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) വർഷങ്ങളായി ജോലി ചെയ്യുന്ന ഈ വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) പരിശോധിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ ആശ്രിതനിയമനം

60 [2530] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ 2004 ജൂലൈ മാസത്തിനുശേഷം പി.എസ്.സി. ലിസ്റ്റിൽനിന്നും എത്രപേരെ എൽ.ഡി. ക്ലാർക്കായി നിയമിച്ചു എന്നും എത്ര പേർക്ക് ഈ തസ്തികയിലേക്ക് അഡ്വൈസ് മെമ്മോ നൽകി എന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ എത്രപേർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ആശ്രിതനിയമനം നൽകി; നിയമനം ലഭിച്ചവരുടെ പേരുവിവരം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വാട്ടർ അതോറിറ്റി നിയമനങ്ങളിൽ ആശ്രിത നിയമനത്തിന്റെ അനുപാതം എത്ര ശതമാനമാണ്;

(ഡി) 2004 ജൂലൈ മാസത്തിനുശേഷം നടന്ന എൽ.ഡി.സി. നിയമനങ്ങളിൽ ഈ അനുപാതം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) കേരള വാട്ടർ അതോറിറ്റിയിലെ നിയമനങ്ങളിൽ നിശ്ചിത ശതമാനം ആശ്രിതനിയമനം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 197 എൽ.ഡി. ക്ലാർക്കുമാരുടെ അഡ്വൈസ് മെമ്മോ ലഭിക്കുകയും അവർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 14 പേർക്ക്. പേരുവിവരം താഴെ ചേർക്കുന്നു.

1. ശ്രീ. എം. കൃഷ്ണദാസ്
2. ശ്രീമതി എം. ശ്യാമള
3. ശ്രീമതി ബി. ദീപ
4. ശ്രീ. അനൂപ് ബി. നായർ
5. ശ്രീ. ഇ. പി. സജിത്
6. ശ്രീ. പി. വി. രജിത്
7. ശ്രീ. ഡേവിഡ് ജോസഫ് ഫ്രാൻസിസ്
8. ശ്രീമതി വി. എസ്. ദീപ
9. ശ്രീ. ജി. അഭിലാഷ്
10. ശ്രീമതി മിനി എം. വർഗ്ഗീസ്
11. ശ്രീമതി പി. രമാദേവി
12. ശ്രീ. കെ. ജയേഷ്
13. ശ്രീ. ഒ. കെ. അരുൺകുമാർ
14. ശ്രീ. വി. എസ്. ഹരികൃഷ്ണൻ

(സി) ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളിലെ 5%.

(ഡി) ഉണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റിയിലെ നിയമനങ്ങളിൽ 'ആശ്രിത' നിയമനങ്ങൾ താമസമില്ലാതെ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly